# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1703** 14/08/2017 **ല്‍ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എന്‍.എ.നെല്ലിക്കുന്ന്** | | **ശ്രീ. പിണറായി വിജയന്‍**<br>**(മുഖ്യമന്ത്രി)** |
| (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷമുള്ള ആദ്യവര്‍ഷം (2016 മേയ് 25 മുതല്‍ 2017 മേയ് 25) വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും എത്ര പേര്‍ക്ക് എത്ര രൂപ ധനസഹായമായി നല്‍കിയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകള്‍ സൂക്ഷിക്കാറില്ല |
| (ബി) | കഴിഞ്ഞ സര്‍ക്കാര്‍ ആദ്യത്തെ ഒരു വര്‍ഷം ( 2011 മേയ് 18 മുതല്‍ 2012 മേയ് 18 വരെ ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും എത്ര പേര്‍ക്ക് എത്ര രൂപ ധനസഹായമായി നല്‍കിയിരുന്നുവെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | | |
| (സി) | ഈ സര്‍ക്കാര്‍ ആദ്യത്തെ ഒരു വര്‍ഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്ന് ഒരു വ്യക്തിക്ക് നല്‍കിയ പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വ്യക്തിയുടെ ദുരിതാവസ്ഥ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | കണ്ണൂര്‍ ജില്ലയില്‍ 12,00,000/- രൂപ പൊടിക്കുണ്ട് സ്ഫോടനത്തില്‍ ശ്രീ.ബാലന്‍.ടി എന്നയാളുടെ വീട് പൂര്‍ണ്ണമായും തകര്‍ന്നതിന് നല്‍കിയിട്ടുണ്ട്.കൂടാതെ ആലപ്പുഴ ജില്ലയില്‍ 27,00,000/- രൂപ മഹാരാഷ്ട്ര കേന്ദ്ര ആയുധപ്പുരയില്‍ 31/05/2016-ല്‍ ഉണ്ടായ ബോംബ് സ്ഫോടനത്തില്‍ കൊല്ലപ്പെട്ട കാര്‍ത്തികപ്പള്ളി താലൂക്കിലെ മേജര്‍ മനോജ് കുമാറിന്റെ കുടുംബത്തിന് വീടും സ്ഥലവും വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്.വസ്തുവിന്റെ രജിസ്ട്രേഷന്‍ സംബന്ധമായി നടപടികള്‍ പൂര്‍ത്തിയാക്കാത്തതിനാല്‍ തുക വിതരണം ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ സർക്കാർ ആദ്യത്തെ ഒരു വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു വ്യക്തിക്ക് നൽകിയ പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തിക്ക് ദുരിതാശ്വാസ നിധിയിൽ നിന്ന് എന്ത് കാരണത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം,പത്തനംതിട്ട,വയനാട് ജില്ലകളിൽ 10 ലക്ഷം രൂപ വീതം ഓരോ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്.<br><u>തിരുവനന്തപുരം-</u><br>ശ്രീ.എസ്.ജയകുമാർ(അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ) എന്നയാൾക്ക് സ്പിരിറ്റ് ലോബിയുടെ ആക്രമണത്തിൽ പരിക്കേറ്റതിന് രണ്ട് ഉത്തരവുകളിലായി ആകെ 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br><u>പത്തനംതിട്ട</u>-മുരളീധരൻ.കെ.കെ കണ്ണാമല,വടക്കേ ചരുവിൽ,കോന്നി എന്ന കക്ഷിക്ക് ടിയാന്റെ ഭാര്യ സെൻസസ് ഡ്യൂട്ടിക്കിടെ പാമ്പ് കടിയേറ്റ് മരിച്ചതിന് 10 ലക്ഷം രൂപ നല്കി.<br><u>വയനാട്</u>-കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ടയാൾക്ക് 10 ലക്ഷം രൂപ നല്കി. |

സെക്ഷൻ ഓഫീസർ